## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1931** — **22.01.2014-ൽ മറുപടിയ്ക്ക്**

### പി.എസ്.സി.യുടെ ആധുനികവൽക്കരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. എം. ആരിഫ് : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) | പി.എസ്.സി.യെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (എ) | ഉത്തരം അനുബന്ധം ..1 ആയി ചേർത്തിട്ടുണ്ട്. |
| ബി) | ഓരോ വകുപ്പിലെയും റിട്ടയർമെന്റ് ഒഴിവുകളും യഥാസമയം റിട്ടയർമെന്റ് തീയതിയിൽതന്നെ പി.എസ്.സി.യിൽ അറിയിപ്പ് ലഭ്യമാകുന്ന വിധവും റാങ്ക്ലിസ്റ്റ് നിലവിൽ ഉണ്ടെങ്കിൽ മുൻഗണനാക്രമത്തിൽ പി.എസ്.സി. ക്കും ലിസ്റ്റിലുള്ള അർഹതപ്പെട്ട ഉദ്യോഗാർത്ഥിക്കും അറിയിപ്പ് ലഭിക്കുംവിധവും അപ്ലോഡ് ചെയ്യുന്ന സോഫ്റ്റ്വെയർ ക്രമീകരണം നടപ്പിലാക്കുമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും വകുപ്പ് മേധാവിയെ കുറ്റപ്പെടുത്തുവാൻ പോലും തയ്യാറായ അനുഭവമുണ്ടോ; | (സി) | വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സിക്ക് റിപ്പോർട്ട ചെയ്യേണ്ടതാണെന്നും, അതിൽ വീഴ്ച വരുത്തുന്ന വകുപ്പ മേധാവികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | നിലവിൽ ഓരോ വകുപ്പിലും എത്ര ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വകുപ്പ് തിരിച്ച് ലിസ്റ്റ് നൽകാമോ; ഇതിൽ ഏതെല്ലാം വകുപ്പിലാണ് പി.എസ്.സി. റാങ്ക്ലിസ്റ്റുള്ളത്; | (ഡി) | ഓരോ വകുപ്പിലും നിലവിലുള്ള ഒഴിവുകളുടെ വകുപ്പ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം..2 ആയി ചേർത്തിട്ടുണ്ട്. ഇതിൽ ഏതെല്ലാം തസ്തികകൾക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ട് എന്ന കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | റാങ്ക്ലിസ്റ്റും ഒഴിവും ഉണ്ടാ യിട്ടും യഥാസമയം നിയമനം നടക്കാത്ത തുകൊ ണ്ട് കാലാവധി കഴിയു ന്ന റാങ്ക്ലിസ്റ്റിലുള്ളവരുടെ പ്രശ്നം എങ്ങനെ പരിഹരി ക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഇ) | റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകൾക്ക് വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ശിപാർശ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**